ഉത്തരം

(എ, ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാം എന്ന് തിരുവനന്തപുരം കോർപ്പറേഷൻ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ഗവൺമെൻറ് കാർട്ടേഴ്സ്

1192 [2158] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂജപ്പുര ഗവൺമെൻറ് കാർട്ടേഴ്സ് പരിസരത്തുനിന്നും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും, അവിടെ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും ക്രമീകരണങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശങ്ങൾ നൽകാമോ?

ഉത്തരം

(എ, ബി) ഗവൺമെൻറ് നിയന്ത്രണത്തിലുള്ള കാർട്ടേഴ്സ് പരിസരങ്ങളിൽ നിന്നുള്ള ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തികൾക്കും, ഉള്ള നടപടികൾ സാധാരണ ഗതിയിൽ തിരുവനന്തപുരം കോർപ്പറേഷൻ നടത്താറില്ല. ആകയാൽ പൂജപ്പുര ഗവൺമെൻറ് കാർട്ടേഴ്സ് പരിസരത്തുനിന്നും ചപ്പു ചവറുകൾ നീക്കം ചെയ്യുന്നതിനും തിരുവനന്തപുരം കോർപ്പറേഷൻ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. കാർട്ടേഴ്സ് പരിസരത്തിലെ റോഡുകൾ പൊതുവഴിയായി പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. കാർട്ടേഴ്സും പരിസരവും പൊതുമരാമത്ത് വകുപ്പിൻെറ നിയന്ത്രണത്തിലാകയാൽ ആ വകുപ്പാണ് ഇക്കാര്യത്തിൻമേൽ നടപടി സ്വീകരിക്കേണ്ടത്.

ഇരിങ്ങാലക്കുട മുനിസിപ്പൽ ടൌൺഹാൾ

1193 [2159] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട മുനിസിപ്പൽ ടൌൺഹാൾ കെട്ടിടം അടിയന്തിരമായി പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കെട്ടിടം പണിക്കുള്ള ടെൻഡർ സ്വീകരിക്കുന്നതിന് ഗവൺമെൻറ് അനുമതി ഇതുവരെ നൽകിയിട്ടില്ല. ഇപ്പോൾ ടെൻഡർ സ്വീകരിക്കുന്നതിനുള്ള നടപടി ഗവൺമെൻറ് നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly